LIBRARY ARCHIVES Kerala Legislative Assembly

ചാരുംമൂട് സർക്കിൾ ഓഫീസ് ആരംഭിക്കുന്നതിന് നടപടി

59 [64] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ചാരുംമൂട് കേന്ദ്രമാക്കി പോലീസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) 1991-1996-ലെ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആലപ്പുഴ ജില്ലയിലെ മാന്നാറിലും, ചാരുംമൂട്ടിലും പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് ആരംഭിക്കണമെന്ന് നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും മാന്നാറിൽ മാത്രം പോലീസ്, സി.ഐ. ഓഫീസ് ആരംഭിച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ ചാരുംമൂട് കേന്ദ്രമാക്കി പോലീസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്നതിനായുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു. സർക്കാരിന്റെ സാമ്പത്തികനില കണക്കിലെടുത്ത് പ്രസ്തുത നിർദ്ദേശം സമയോചിതമായി പിന്നിട് തീരുമാനിക്കുന്നതിലേയ്ക്കായി മാറ്റിവച്ചിരിക്കുകയാണ്.

(ബി) ജനസംഖ്യ, കേസുകളുടെ എണ്ണം, ക്രമസമാധാന പ്രശ്നങ്ങൾ, ട്രാഫിക് സംബന്ധമായ അപകടങ്ങളുടെയും കേസുകളുടെയും എണ്ണം, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, സർക്കാരിന്റെ സാമ്പത്തിക സ്ഥിതി എന്നിവ കണക്കിലെടുത്ത് ഒരു മുൻഗണാനക്രമം നിശ്ചയിച്ചാണ് പുതിയ സ്റ്റേഷനുകൾ ആരംഭിക്കുന്നത്. ഇക്കാരണത്താൽ എല്ലാ നിർദ്ദേശങ്ങളും ഒരേ സമയം തന്നെ അനുവദിക്കാൻ കഴിയാറില്ല.

മാറാട് കേസ്സുകൾ

60 [65] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 മേയ് 2-ന് നടന്ന മാറാട് കൂട്ടക്കൊലയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര പേർ പ്രതികളായിട്ടുണ്ട്;

(ബി) കേസുമായി ബന്ധപ്പെട്ട് ഇനിയും പിടികിട്ടേണ്ട പ്രതികളുണ്ടോ; എങ്കിൽ എത്ര;

(സി) പ്രതികളിൽ എത്ര പേർക്ക് ജാമ്യം ലഭിച്ചിട്ടുണ്ട്; ആർക്കൊക്കെ;

(ഡി) രജിസ്റ്റർ ചെയ്ത കേസുകളുടെ വകുപ്പും സ്വഭാവവും വ്യക്തമാക്കാമോ;

(ഇ) കേസുമായി ബന്ധപ്പെട്ട് ജയിലിൽ കഴിയുന്നവരിൽ ആരുടെയൊക്കെ പേരിൽ ഇനിയും കുറ്റപത്രം സമർപ്പിക്കാത്തതായോ, പ്രതികളാക്കപ്പെടാത്തവരായോ ഉണ്ട്;

(എഫ്) ഇവർ ജാമ്യം ലഭിക്കുന്നതിന് കോടതിയെ സമീപിക്കുകയുണ്ടായോ; എങ്കിൽ ഇവരുടെ ജാമ്യക്കാര്യത്തിൽ സർക്കാർ നിലപാട് എന്തായിരുന്നു?

ഉത്തരം

(എ) മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. ക്രൈം നമ്പർ 116/സി.ആർ./2003—147 പ്രതികൾ (5 കുട്ടികൾ അടക്കം).
2. ക്രൈം നമ്പർ 117/സി.ആർ./2003—27 പ്രതികളും തിരിച്ചറിയാനുള്ള 273 പേരും.
3. ക്രൈം നമ്പർ 185/സി.ആർ./2003—26 പ്രതികളും തിരിച്ചറിയാനുള്ള 80 പേരും.

(ബി) ഉണ്ട്. നാല് പ്രതികൾ.

(സി) 35 പ്രതികൾക്ക് ജാമ്യം ലഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.†

(ഡി) Crime 116/CR/2003-u/s. 143, 147,148, 153(A), 449, 324, 307, 302 r/w 149 IPC Sec. 5 r/w 270 Arms Act and Sec. 3 of Explosive Substance Act 3, 4, 9 Prosecution of Worship Act, 1989. Crime 117/CR/2003—u/s. 143, 147, 148, 332 r/w 149 IPC and Sec. 5 r/w 270 Arms Act and 3(1) of PDPP Act.

Crime 185/Cr/2003—u/s. 143, 147, 148, 332, 352 r/w 149 IPC and Sec. 3 and 5 r/w 27 of Arms Act and Sec. 3(1) of PDPP Act.

(ഇ) വിശദവിവരം അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.‡

(എഫ്) ജാമ്യം ലഭിക്കുന്നതിന് കോടതിയെ സമീപിച്ചെങ്കിലും ജാമ്യം ലഭിച്ചിട്ടില്ല. ജാമ്യം നൽകുന്നതിനോട് സർക്കാർ യോജിച്ചിരുന്നില്ല.

മാധ്യമ പ്രവർത്തകർക്കുനേരെ നടന്ന അക്രമം

61 [66] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 നവംബർ 1-ാം തീയതി കരിപ്പൂർ വിമാനത്താവളത്തിൽ ഏതെല്ലാം മാധ്യമപ്രവർത്തകർക്കുനേരെയാണ് അക്രമം ഉണ്ടായത്;

†, ‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly